**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1572** **15-03-2022 - ൽ മറുപടിയ്ക്ക്**

**നെൽവയൽ ഉടമകൾക്ക് റോയൽറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | null<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | നെൽവയൽ ഉടമകൾക്ക് റോയൽറ്റി നൽകുന്ന പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | കേരളത്തിന്റെ പരിസ്ഥിതി സംരക്ഷിക്കുന്നതിനും വിവിധ ജീവജാലങ്ങളുടെ ആവാസവ്യവസ്ഥ പരിരക്ഷിക്കുന്നതിനും ഭൂഗർഭ ജലം കുറയാതെ നിലനിർത്തുന്നതിനും പ്രകൃതിദത്ത ജല സംഭരണിയായ നെൽവയലുകൾ നിലനിർത്തേണ്ടത് അത്യന്താപേക്ഷിതമാണ്. നെൽവയൽ സംരക്ഷണം എന്നത് പ്രകൃതിയുടെയും ആവാസവ്യവസ്ഥയുടെയും സംരക്ഷണമായി കണക്കാക്കിയും, ഭക്ഷ്യ സുരക്ഷ കൈവരിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നു എന്നത് പരിഗണിച്ചുമാണ് നെൽ വയലുകളുടെ ഉടമസ്ഥർക്ക് പ്രോത്സാഹനമായി 'റോയൽറ്റി' നൽകുന്ന ഈ പദ്ധതി ലക്ഷ്യമിടുന്നത്. നെൽവയലുകൾ രൂപമാറ്റം വരുത്താതെ നിലനിർത്തി സംരക്ഷിക്കുകയും കൃഷിക്കായി ഉപയുക്തമാക്കുകയും ചെയ്യുന്ന നെൽവയലു കളുടെ ഉടമകൾക്കാണ് (owners of cultivable paddy land) ഹെക്ടറിന് 2000രൂപ നിരക്കിൽ റോയൽറ്റി അനുവദിക്കുന്നത്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം ചാത്തന്നൂർ മണ്ഡലത്തിലെ എത്ര നെൽവയൽ ഉടമകൾക്ക് ഇതിനകം റോയൽറ്റി നൽകിയിട്ടുണ്ടെന്ന് കൃഷി ഭവനുകൾ തിരിച്ചുള്ള വിവരം അറിയിക്കാമോ? | (ബി) | ചാത്തന്നൂർ മണ്ഡലത്തിലെ 199 നെൽവയൽ ഉടമകൾക്ക് ഇതിനകം റോയൽറ്റി നൽകിയിട്ടുണ്ട്. അതിന്റെ കൃഷി ഭവൻ തിരിച്ച കണക്ക് അനുബന്ധം ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**ചാത്തന്നൂർ മണ്ഡലത്തിലെ 199 നെൽവയൽ ഉടമകൾക്ക് നൽകിയിട്ടുള്ള റോയൽറ്റിയുടെ കൃഷി ഭവൻ തിരിച്ചുള്ള കണക്ക്**

| **ക്രമ നമ്പർ** | **കൃഷി ഭവൻ** | **റോയൽറ്റി ലഭിച്ച നെൽവയൽ ഉടമകളുടെ എണ്ണം** |
|---|---|---|
| 1 | ആദിച്ചനല്ലൂർ | 12 |
| 2 | ചാത്തന്നൂർ | 14 |
| 3 | ചിറക്കര | 25 |
| 4 | കല്ലുവാതുക്കൽ | 38 |
| 5 | നെടുമ്പന | 12 |
| 6 | പരവൂർ | 4 |
| 7 | പൂതക്കുളം | 78 |
| 8 | പൂയപ്പള്ളി | 16 |
| | **ആകെ** | **199** |